## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2636** — **14.02.2013-ലെ മറുപടിക്ക്**

## സ്വകാര്യ ലാബിന്റെ രക്തപരിശോധനാഫലം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ശശീന്ദ്രൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ഗ്യാസ്ട്രോ എൻട്രോളജിയുടെ ഡോക്ടർ ചികിത്സിക്കണമെങ്കിൽ സ്വകാര്യലാബിന്റെ രക്തപരിശോധനാ ഫലം തന്നെ വേണമെന്ന് നിഷ്കർഷിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മെഡിക്കൽ കോളേജിലെ ലാബ്, എ.സി.ആർ. ലാബ്, പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിലെ പരിശോധനാ ഫലങ്ങളിൽ ഡോക്ടർക്ക് താത്പര്യമില്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഗ്യാസ്ട്രോ എൻട്രോളജി കൂടുതൽ പരിശോധനകൾ വേണ്ടിവരുന്ന വിഭാഗമാണ്. ഈ പരിശോധനകൾക്ക് പ്രധാനമായും മെഡിക്കൽ കോളേജ് ലാബിനേയും എ.സി.ആർ. ലാബിനേയുമാണ് ആശ്രയിക്കുന്നത്. എന്നാൽ ഈ ലാബുകളിൽ ലഭ്യമല്ലാത്ത ചില ടെസ്റ്റുകൾക്ക് മറ്റുലാബുകളെ ഉപയോഗപ്പെടുത്തേണ്ടിവരാറുണ്ട്. ഒ.പി.യിൽ വരുന്ന ചില രോഗികൾക്ക് ടെസ്റ്റിന്റെ റിസൾട്ട് പരിശോധിച്ചശേഷം മരുന്നുകൾ മാറിക്കുറിക്കേണ്ടിവരുന്ന സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കി അന്നുതന്നെ മരുന്നു കുറിച്ചുനൽകുന്നതിന് മറ്റുചില പരിശോധനകൾ നടത്തി റിസൾട്ട് കാണിക്കുന്നതിനായി അവർ എ.സി.ആർ. ലാബിലും പ്രൈവറ്റ് ലാബിലും പോകാറുണ്ട്. |

| | |
|---|---|
| (സി) ഇക്കാര്യങ്ങളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | (സി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രൈവറ്റ് ലാബുകളിൽ ഔട്ട് പേഷ്യന്റ് വിഭാഗം ഉൾപ്പെടെയുള്ള രോഗികളെ അയയ്ക്കുന്നത് ഒരുതരത്തിലും പ്രോത്സാഹിപ്പിക്കരുതെന്ന് സർക്കുലർ മുഖേന ഡിപ്പാർട്ടുമെന്റിലെ എല്ലാ ഡോക്ടർമാരെയും അറിയിച്ചിട്ടുണ്ട്. തുടർന്ന് നടത്തിയ നിരീക്ഷണത്തിൽ ഇപ്പോൾ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ നിന്നുപോലും പ്രൈവറ്റ് ലാബുകളിലേക്ക് രോഗികൾ പോകുന്നില്ല എന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ